പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 155

# 2022-ലെ ഹെൽത്ത് ക്ലബ്ബ്, ആയോധനകലകളിൽ ജോലി ചെയ്യുന്ന പരിശീലകരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ. നോട്ടീസ് നൽകിയത്)

1711/2022.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 155

# 2022-ലെ ഹെൽത്ത് ക്ലബ്ബ്, ആയോധനകലകളിൽ ജോലി ചെയ്യുന്ന പരിശീലകരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് വിവിധയിടങ്ങളിലായി ആരോഗ്യ സംരക്ഷണത്തിനു വേണ്ടിയുള്ള ഹെൽത്ത് ക്ലബ്ബുകളും, യോഗവിദ്യ, കളരിപ്പയറ്റ്, തായ്ക്വോണ്ടോ, ഗുസ്തി പോലുള്ള ആയോധന കലകളും അഭ്യസിക്കുന്ന സെന്ററുകളിൽ ജോലി ചെയ്യുന്ന നിരവധിയായിട്ടുള്ള പരിശീലകൻമാരുടെയും അവരുടെ ആശ്രിതരുടെയും ന്യായമായ വേതനവും തൊഴിൽ സുരക്ഷയും ആരോഗ്യപരിരക്ഷയും ഉറപ്പുവരുത്തുവാൻ വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് വിവിധയിടങ്ങളിലായി ആരോഗ്യ സംരക്ഷണത്തിനു വേണ്ടിയുള്ള ഹെൽത്ത് ക്ലബ്ബുകളും യോഗവിദ്യ, കളരിപ്പയറ്റ്, തായ്ക്വോണ്ടോ, ഗുസ്തി പോലുള്ള ആയോധനകലകളും അഭ്യസിക്കുന്ന സെന്ററുകളിൽ ജോലി ചെയ്യുന്ന നിരവധിയായിട്ടുള്ള പരിശീലകൻമാരുടെ ന്യായമായ വേതനമോ തൊഴിൽ സുരക്ഷയോ, ആശ്രിതരടക്കമുള്ളവരുടെ ആരോഗ്യ പരിരക്ഷ പദ്ധതിയോ ഇല്ലാത്തതുമൂലം ഇക്കൂട്ടർ അനുഭവിക്കുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിനും ആശ്വാസം നൽകുന്നതിനും കൂടാതെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കേണ്ടതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും വ്യാപ്തിയും.—(1) ഈ ആക്റ്റിന് 2022-ലെ ഹെൽത്ത് ക്ലബ്ബ്, ആയോധന കലകളിൽ ജോലി ചെയ്യുന്ന പരിശീലകരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്റ്റ് സർക്കാർ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) 'പരിശീലകൻ' (ട്രെയിനർ) എന്നാൽ ഹെൽത്ത് ക്ലബ്ബുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജിം ട്രെയിനർ, കളരിപ്പയറ്റ്, യോഗവിദ്യ, തായ്ക്കോണ്ടോ, കരാട്ടേ, ഗുസ്തി തുടങ്ങിയവപോലുള്ള ആയോധനമുറകൾ പരിശീലിപ്പിക്കുന്നവർ എന്നർത്ഥമാകുന്നു;

(സി) 'ബോർഡ്' എന്നാൽ ഹെൽത്ത് ക്ലബ്ബ്, ആയോധനകലകൾ അഭ്യസിപ്പിക്കുന്ന കേന്ദ്രങ്ങളിൽ ജോലി ചെയ്തുവരുന്ന പരിശീലകരുടെ ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു;

(ഡി) 'ഡയറക്ടർ' എന്നാൽ ആരോഗ്യ വകുപ്പ് ഡയറക്ടർ എന്നർത്ഥമാകുന്നു;

(ഇ) 'സമിതി' എന്നാൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ രൂപീകരിച്ച സമിതി എന്നർത്ഥമാകുന്നു;

(എഫ്) 'ക്ഷേമനിധി' എന്നാൽ പ്രസ്തുത ഉദ്ദേശ്യലക്ഷ്യ നിർവ്വഹണത്തിനായി സർക്കാർ രൂപീകരിക്കുന്ന ഒരു ക്ഷേമനിധി എന്നർത്ഥമാകുന്നു;

(ജി) 'വിജ്ഞാപനം' എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം എന്നർത്ഥമാകുന്നു;

(എച്ച്) 'വകുപ്പ്' എന്നാൽ ഈ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(ഐ) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്റ്റ് പ്രകാരമുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജെ) 'ക്ഷേമനിധി ബോർഡ്' എന്നാൽ കേരള സംസ്ഥാനത്ത് വിവിധയിടങ്ങളിലായി ആരോഗ്യ സംരക്ഷണത്തിനുവേണ്ടിയുള്ള ഹെൽത്ത് ക്ലബ്ബുകളിലും യോഗവിദ്യ, കളരിപ്പയറ്റ്, തായ്ക്കോണ്ടോ, ഗുസ്തി പോലുള്ള ആയോധനകലകളും അഭ്യസിപ്പിക്കുന്ന സെന്ററുകളിൽ ജോലി ചെയ്യുന്ന നിരവധിയായിട്ടുള്ള പരിശീലകൻമാരുടെയും അവരുടെ ആശ്രിതരുടെയും ക്ഷേമത്തിനും മെച്ചപ്പെട്ട ജീവിത നിലവാരത്തിനും വേണ്ടിയുള്ളതായ നടപടികൾ

ആലോചിച്ച് കൈക്കൊള്ളുവാനും ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിലേക്ക് യഥാസമയം സമർപ്പിക്കുവാനും അധികാരപ്പെട്ട കേന്ദ്രം എന്നർത്ഥമാകുന്നു;

(കെ) "അംശദായം" എന്നാൽ 6-ാം വകുപ്പ് പ്രകാരം ക്ഷേമനിധിയിലേക്ക് നൽകേണ്ടതായ തുക എന്നർത്ഥമാകുന്നു;

(എൽ) "അംഗം" എന്നാൽ ഈ ക്ഷേമനിധിയിൽ വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ആൾ എന്നർത്ഥമാകുന്നു;

(എം) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

3. <u>ഹെൽത്ത് ക്ലബ്ബ്, മറ്റ് ആയോധനകല പരിശീലന മേഖലയിൽ ജോലി ചെയ്യുന്നവരുടെ ക്ഷേമനിധി പദ്ധതി.</u>—സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി പ്രസ്തുത പരിശീലക തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ ആക്റ്റിനു കീഴിൽ ഒരു നിധി രൂപീകരിക്കുന്നതിനുവേണ്ടി 'കേരള ഹെൽത്ത് ക്ലബ്ബ്, ആയോധനകലാ പരിശീലന കേന്ദ്രങ്ങളിൽ ജോലിചെയ്യുന്ന പരിശീലകരുടെ ക്ഷേമനിധി പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കേണ്ടതും പദ്ധതി ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗം ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച് ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

4. <u>ക്ഷേമനിധിയുടെ ധനാഗമന മാർഗ്ഗങ്ങൾ.</u>—

(എ) അംശദായങ്ങൾ;

(ബി) ബോർഡ് കടം വാങ്ങിയ തുക;

(സി) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം ക്ഷേമനിധിയിലേക്ക് വരവ് കൊള്ളിക്കേണ്ട മറ്റേതെങ്കിലും തുക.

5. <u>ക്ഷേമനിധി താഴെപ്പറയുന്ന ഏതെങ്കിലും ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.</u>—

(എ) അവശതയോ രോഗങ്ങളോ കാരണം ജോലി ചെയ്യുന്നതിന് കഴിവില്ലാതാകുകയോ, 60 വയസ്സ് പൂർത്തീകരിക്കുകയോ ചെയ്യുന്ന ഒരംഗത്തിന് പെൻഷൻ നൽകുന്നതിന്;

(ബി) അംഗങ്ങളായ സ്ത്രീ പരിശീലകർക്ക് പ്രസവാനുകൂല്യം നൽകുന്നതിന്;

(സി) ചികിത്സാസഹായം നൽകുന്നതിന്;

(ഡി) അംഗങ്ങളായവരുടെ പെൺമക്കൾക്കും സ്ത്രീകൾക്കും വിവാഹാനുകൂല്യം നൽകുന്നതിന്;

(ഇ) തൊഴിലാളി മരണപ്പെട്ടാൽ ആ കുടുംബത്തിന് മരണാനന്തര സഹായം നൽകുന്നതിന്.

6. <u>ക്ഷേമനിധിയിലേക്കുള്ള അംശദായം.</u>—

(എ) ക്ഷേമനിധിയിൽ അംഗമാകുന്ന ഓരോ തൊഴിലാളിയും ഓരോ മാസവും മുന്നൂറ് രൂപ വീതം അംശദായം നൽകേണ്ടതാണ്;

(ബി) അംശദായം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ, ഈ ആവശ്യത്തിന് വേണ്ടി ബോർഡ് അധികാരപ്പെടുത്തിയ ബോർഡിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ നൽകേണ്ടതാണ്.

7. <u>തിരിച്ചറിയൽ കാർഡ്.</u>—ക്ഷേമനിധിയിൽ അംഗമാകുന്ന ഓരോ തൊഴിലാളിക്കും ബോർഡ് പ്രത്യേക തിരിച്ചറിയൽ കാർഡ് നൽകേണ്ടതാണ്.

8. <u>ക്ഷേമനിധി ബോർഡ് രൂപീകരണം.</u>—(1)സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി "ഹെൽത്ത് ക്ലബ്ബ്, ആയോധന കലകളിൽ ജോലി ചെയ്യുന്ന പരിശീലകരുടെ ക്ഷേമനിധി ബോർഡ്" എന്ന പേരിൽ ഒരു സമിതി രൂപീകരിക്കാവുന്നതാണ്.

(2) ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(a) ചെയർമാൻ;

(b) സംസ്ഥാന തൊഴിൽ വകുപ്പ് ഡയറക്ടർ;

(c) തൊഴിൽ വകുപ്പ് സെക്രട്ടറി;

(d) കാര്യനിർവ്വഹണത്തിനുള്ള ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ;

(e) പ്രവൃത്തിപരിചയമുള്ള മൂന്ന് തൊഴിലാളി പ്രതിനിധികൾ;

(f) സർക്കാർ നോമിനേറ്റ് ചെയ്യുന്ന ഈ മേഖലയിലുള്ള നാല് പ്രതിനിധികൾ;

(g) സംസ്ഥാന ആരോഗ്യ വകുപ്പ് സെക്രട്ടറി;

(h) സർക്കാർ നോമിനേറ്റ് ചെയ്യുന്ന നിയമസഭാ സെക്രട്ടേറിയറ്റ്, ധനകാര്യം, നിയമം എന്നീ വകുപ്പുകളിലെ ഓരോ പ്രതിനിധികൾ.

9. <u>ബോർഡിന്റെ പ്രവർത്തനം.</u>—

(എ) ക്ഷേമനിധി ബോർഡ് അഥവാ സമിതിയുടെ പ്രവർത്തനത്തിന് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരുടെ നിയമനം സർക്കാർ ചട്ടപ്രകാരം നടത്തേണ്ടതാണ്;

(ബി) ക്ഷേമനിധി ബോർഡിന് ജില്ലാടിസ്ഥാനത്തിൽ സമിതികൾ രൂപീകരിക്കേണ്ടതാണ്. ജില്ലാ ലേബർ ഓഫീസർ അദ്ധ്യക്ഷനും, ആരോഗ്യ വകുപ്പ് ഡയറക്ടർ, നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള സർക്കാർ നോമിനേറ്റ് ചെയ്ത മറ്റംഗങ്ങൾ എന്നിവർ ജില്ലാ സമിതിയിൽ അംഗങ്ങളും ആയിരിക്കും;

(സി) ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ജില്ലാടിസ്ഥാനത്തിൽ ഉത്ഭവിക്കാൻ സാദ്ധ്യതയുള്ള തർക്കങ്ങളും പ്രശ്നങ്ങളും ഈ സമിതി പരിഹരിക്കേണ്ടതാണ്;

(ഡി) സംസ്ഥാന ക്ഷേമനിധി ബോർഡ് ആയിരിക്കും പ്രസ്തുത സമിതിയുടെ അപ്പലേറ്റ് അതോറിറ്റി;

10. ബോർഡിന്റെ കർത്തവ്യങ്ങൾ.—

(എ) ഹെൽത്ത് ക്ലബ്ബ് ഉൾപ്പെടെയുള്ള ഈ ബില്ലിൽ സൂചിപ്പിച്ചിട്ടുള്ള സമാന സ്ഥാപനങ്ങളിൽ ട്രെയിനർമാരായി പരിശീലകജോലി ചെയ്യുന്നവർക്കും അവരുടെ ആശ്രിതർക്കും വിദ്യാഭ്യാസം, വിവാഹം, ആരോഗ്യ പരിരക്ഷ, മരണാനന്തര സഹായം എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുക;

(ബി) തൊഴിൽ മേഖലയിൽ എല്ലാം അംഗങ്ങൾക്കും നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുക;

(സി) തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുക;

(ഡി) ക്ഷേമനിധിയുടെ പ്രവർത്തനത്തിന് സഹായകരമല്ലാത്ത നിലപാടുകൾ എവിടെ നിന്നുണ്ടായാലും അതിൽ ഇടപെടുവാനും നിയമപരമായ പരിഹാരം കാണുവാനും എല്ലാ അധികാരവും അവകാശവും ക്ഷേമനിധി ബോർഡിന് ഉണ്ടായിരിക്കുന്നതാണ്. ഇക്കാര്യത്തിലുള്ള ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കും;

(ഇ) അംഗങ്ങളായ തൊഴിലാളികളുടെ പെൻഷൻ, മക്കളുടെ വിദ്യാഭ്യാസം, വിവാഹം, കുടുംബങ്ങളുടെ ആരോഗ്യ പരിരക്ഷ എന്നിവയ്ക്ക് മുൻഗണന നൽകി അവതരിപ്പിക്കുന്ന ക്ഷേമ പദ്ധതികൾ നടപ്പിലാക്കുക;

(എഫ്) തൊഴിലാളികളിൽ നിന്നുള്ള അംശദായം, സർക്കാർ നിശ്ചയിക്കുന്ന പ്രകാരം സ്വരൂപിക്കുന്ന ക്ഷേമനിധി ഫണ്ട്, മറ്റ് സാമ്പത്തിക വരുമാന മാർഗ്ഗങ്ങൾ എന്നിവയിലൂടെ ക്ഷേമനിധി ബോർഡിന്റെ കാലാകാലങ്ങളിലുള്ള പ്രവർത്തനം നടത്തേണ്ടതാണ്;

(ജി) ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് മറ്റ് വരുമാന മാർഗ്ഗങ്ങൾ ഉണ്ടാകാൻ പാടില്ലാത്തതാണ്;

(എച്ച്) ക്ഷേമനിധിയിൽ അംഗത്വമുള്ളവർക്ക് മറ്റൊരു ക്ഷേമനിധിയിൽ അംഗത്വമെടുക്കാനോ, അംഗത്വമുണ്ടാകാനോ പാടുള്ളതല്ല.

11. <u>അംഗങ്ങൾക്കുള്ള സാമ്പത്തിക സഹായവും മറ്റ് ആനുകൂല്യങ്ങളും.</u>—

(എ) പെൻഷൻ - കുറഞ്ഞത് മൂന്ന് വർഷം തുടർച്ചയായി അംശദായം അടച്ച ഒരു അംഗത്തിന്, അറുപത് വയസ്സ് തികയുന്ന മുറയ്ക്ക് പ്രതിമാസം പതിനയ്യായിരം രൂപ ക്ഷേമനിധിയിൽ നിന്നും ലഭ്യമാക്കേണ്ടതാണ്;

(ബി) അവശത പെൻഷൻ - കുറഞ്ഞത് മൂന്ന് വർഷം തുടർച്ചയായി അംശദായം അടച്ച ഒരു അംഗത്തിന്, സ്ഥിരമായി ശാരീരിക അവശത മൂലമോ അംഗവൈകല്യം മൂലമോ ജോലി ചെയ്യാൻ കഴിയാതിരിക്കുന്ന അവസ്ഥ വന്നാൽ പ്രതിമാസം ഏഴായിരത്തി അഞ്ഞൂറ് രൂപ ക്ഷേമനിധിയിൽ നിന്നും ലഭ്യമാക്കേണ്ടതാണ്;

(സി) പ്രസവാനുകൂല്യം - അംഗത്വമെടുത്ത് ഒരു വർഷം പൂർത്തിയാകുന്ന വനിതാ അംഗത്തിന് പ്രസവ ധനസഹായമായി പതിനയ്യായിരം രൂപ ക്ഷേമനിധിയിൽ നിന്നും ലഭിക്കുന്നതാണ്;

(ഡി) വിവാഹാനുകൂല്യം - കുറഞ്ഞത് മൂന്ന് വർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കൾക്കും, വനിതാ അംഗങ്ങൾക്കും വിവാഹ ധനസഹായമായി അൻപതിനായിരം രൂപ ക്ഷേമനിധിയിൽ നിന്നും ലഭ്യമാക്കേണ്ടതാണ്;

(ഇ) ചികിത്സാ സഹായം - ക്ഷേമനിധിയിൽ അംഗത്വമെടുത്ത് അംഗത്വകാലാവധി ഒരു വർഷമെങ്കിലും പൂർത്തിയാകുമ്പോൾ അംഗത്തിന് ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് പരമാവധി ഒരു ലക്ഷം രൂപ വരെയുള്ള ധനസഹായം ലഭ്യമാക്കേണ്ടതാണ്;

(എഫ്) മരണാനന്തര സഹായം - അംഗത്വമെടുത്ത് ഒരു വർഷം കഴിയുന്ന ഒരംഗം അസുഖംമൂലമോ അപകടംമൂലമോ മരണപ്പെട്ടാൽ കുടുംബത്തിന് മരണാനന്തര സഹായമായി രണ്ടര ലക്ഷം രൂപ ലഭ്യമാക്കേണ്ടതാണ്.

12. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് വേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ 14 ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിന് അതിനുശേഷം അതതു സംഗതി പോലെ അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുകയും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

രോഗം വന്നതിന് ശേഷം ചികിത്സ നൽകുന്നതിനേക്കാൾ നല്ലതാണ് രോഗം വരാതെ നോക്കുക എന്നുള്ളത്. സംസ്ഥാനത്ത് ഇന്ന് ആരോഗ്യപരിപാലനം ലക്ഷ്യം വച്ചുകൊണ്ട് നിരവധി ഹെൽത്ത് ക്ലബ്ബുകളും ജിമ്മുകളും മറ്റു ആയോധനമുറകളുടെ അഭ്യസനവും ഒക്കെ നടന്നുവരുന്നു. എന്നാൽ ഇവിടെയുള്ള പരിശീലകൻമാർ അനുഭവിക്കുന്ന നിരവധി പ്രശ്നങ്ങൾക്ക് ഒരു പരിഹാരം ഉണ്ടാകണമെങ്കിൽ കൃത്യമായ ക്ഷേമപദ്ധതികൾ വ്യവസ്ഥ ചെയ്യുന്ന ഒരു നിയമം നിർമ്മിക്കേണ്ടത് അനിവാര്യമാണ്.

കേരള സംസ്ഥാനത്ത് വിവിധയിടങ്ങളിലായി ആരോഗ്യ സംരക്ഷണത്തിനു വേണ്ടിയുള്ള ഹെൽത്ത് ക്ലബ്ബുകളും യോഗവിദ്യ, കളരിപ്പയറ്റ്, തായ്ക്കോണ്ടോ, ഉസ്സി പോലുള്ള ആയോധന കലകളും അഭ്യസിക്കുന്ന സെന്ററുകളിൽ ജോലി ചെയ്യുന്ന നിരവധി ആയിട്ടുള്ള പരിശീലകർക്ക് ന്യായമായ വേതനമോ തൊഴിൽ സുരക്ഷയോ ലഭിക്കുന്നില്ല. കൂടാതെ അവർക്കും ആശ്രിതർക്കുമുള്ള ആരോഗ്യ പരിരക്ഷയോ ഇല്ലാത്തതുമൂലം ഇക്കൂട്ടർ അനുഭവിക്കുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിനും ആശ്വാസം നൽകുന്നതിനും കൂടാതെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കേണ്ടതിന് വ്യവസ്ഥ ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 12-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ ചട്ടങ്ങളോ റെഗുലേഷനുകളോ ഉണ്ടാക്കേണ്ടത് അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവുമായ സ്വഭാവത്തോടുകൂടിയതുമാണ്. കൂടാതെ ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.